(ബി-ഡി) 5-11-2015-ലെ ഗവൺമെന്റ് ഉത്തരവ് (കൈ)നമ്പർ 281/2015/ പൊ.വി.വ. പ്രകാരം 2016-17 അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങൾക്ക് ആവശ്യമായിട്ടുള്ള പേപ്പറുകളുടെ പർച്ചേസും അച്ചടിയും വിതരണവും പൂർണ്ണമായും കെ.ബി.പി.എസിനെ ഏൽപ്പിച്ച് ഉത്തരവായിട്ടുണ്ട്. 9, 10 ക്ലാസുകളിലേക്ക് മാറ്റമുള്ള പാഠപുസ്തകങ്ങളുടെ സി.ഡി.-കൾ എസ്.സി.ഇ.ആർ.ടി.-യിൽ നിന്നും ലഭ്യമായവ കെ.ബി.പി.എസിനെ ഏൽപ്പിച്ചിട്ടുണ്ട്. 2016-17 അദ്ധ്യയന വർഷത്തെ 7, 8 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ച് ഇടങ്ങിയതായും 2016 ഏപ്രിൽ മാസത്തിൽ പുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കാൻ കഴിയുമെന്നും കെ.ബി.പി.എസ്. ഉറപ്പ് നൽകിയിട്ടുണ്ട്. പ്ലസ് ടു ക്ലാസുകളിലെ പാഠപുസ്തകങ്ങളും സമയബന്ധിതമായി വിതരണം ചെയ്യാൻ എല്ലാ നടപടികളും കൈകൊണ്ടുവരുന്നു.

(ഇ&എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പാഠപുസ്തക വിതരണം

84 (1161) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് അദ്ധ്യയന വർഷത്തിൽ അർദ്ധവാർഷിക പരീക്ഷ അടുത്തിട്ടും സ്കൂളുകളിൽ പാഠപുസ്തകമെത്തിയില്ല എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ക്ലാസുകളിലേയ്ക്കുള്ള എത്ര പുസ്തകങ്ങൾ വിതരണം ചെയ്തെന്നും എത്ര പുസ്തകം വിതരണം ചെയ്യാനുണ്ടെന്നും വിശദമാക്കാമോ;

(സി) പാഠപുസ്തക വിതരണത്തിൽ വന്ന കാലതാമസത്തിന്റെ ഉത്തരവാദിത്തം ആർക്കാണ്, അവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(ഡി) ഏതൊക്കെ പ്രസ്സുകളിൽ നിന്ന് എത്ര തുകയ്ക്കാണ് പാഠപുസ്തകം അച്ചടിച്ചതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ& ബി) 2015-16 അദ്ധ്യയന വർഷത്തെ 1-10 വരെ ക്ലാസുകളിലേക്ക് സ്കൂൾ അധികൃതർ സമർപ്പിച്ച ഇൻഡന്റ് പ്രകാരമുള്ള എല്ലാ പാഠപുസ്തകങ്ങളും വിതരണം ചെയ്തിട്ടുണ്ട്. ഏതെങ്കിലും കുട്ടികൾക്ക് പുസ്തകം ലഭ്യമായിട്ടില്ലെങ്കിൽ അതിനുള്ള ഇൻഡന്റ് 7-12-2015-നകം നൽകാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് അവർക്കും പുസ്തകം വിതരണം ചെയ്യുന്നതുമാണ്. ഇൻഡന്റ് ചെയ്തതിൻപ്രകാരം പാഠപുസ്തകങ്ങൾ വിതരണം നടത്തിയതായി കെ.ബി.പി.എസ്. അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇൻഡന്റ് നൽകുന്നതിൽ വീഴ്ച വരുത്തിയ സ്കൂൾ അധികൃതരോട് വിശദീകരണം ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ഡി) കെ.ബി.പി.എസ്സിൽ സർക്കാർ അനുവദിച്ചിട്ടുള്ള നിരക്കിൽ 21167,100 വോളിയം 1 പുസ്തകങ്ങൾ അച്ചടിച്ചിട്ടുണ്ട്. ഈ ഇനത്തിൽ പ്രിന്റിംഗ് ചാർജിനത്തിൽ 5,99,04,055 രൂപ കണക്കാക്കാം. വോളിയം 2 പാഠപുസ്തകങ്ങൾ പൂർണ്ണമായും കെ.ബി.പി.എസ്സിലാണ് അച്ചടിച്ചത്. 2015-16 അദ്ധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടി മെസ്സേഴ്സ് മണിപ്പാൽ ടെക്നോളജിസിനും, മെസ്സേഴ്സ് ലവ്‌ലി ഓഫ്സെറ്റ് പ്രിന്റേഴ്സിനുമാണ് നല്കിയിട്ടുള്ളത്.

മെസ്സേഴ്സ് മണിപ്പാൽ ടെക്നോളജീസ് - പ്ലസ് 1 - 373,75,949

മെസ്സേഴ്സ് മണിപ്പാൽ ടെക്നോളജീസ് - പ്ലസ് 2 - 11,43,68,251

മെസ്സേഴ്സ് ലവ് ലി ഓഫ്സെറ്റ് പ്രിന്റേഴ്സ് - പ്ലസ് 1 - 1,63,90,893

മെസ്സേഴ്സ് ലവ് ലി ഓഫ്സെറ്റ് പ്രിന്റേഴ്സ് - പ്ലസ് 2 - 2,41,01,167

പ്രസ്തുത തുകയ്ക്കാണ് അച്ചടിച്ചിട്ടുള്ളത്.

• **ഉച്ചഭക്ഷണ പരിപാടി**

85 (1162) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പരിപാടി പ്രകാരം വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ അളവിലും പ്രയോജകരായ കുട്ടികളുടെ എണ്ണത്തിലും അന്തരമുള്ളതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച വസ്തുതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് കാലാകാലങ്ങളിൽ പരിശോധിച്ച് റിപ്പോർട്ട് നല്കാൻ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ടുകൾ വിലയിരുത്തുന്നതിനുള്ള സംവിധാനമേതെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly